**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം : 1286** **20/01/2014-ൽ മറുപടിയ്ക്ക്**

**തിരുമല-തൃക്കണ്ണാപുരം റോഡ് വികസനം**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ. വി. ശിവൻകുട്ടി | ശ്രീ. അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പുമന്ത്രി) |
| (എ) നേമം നിയോജകമണ്ഡലത്തിലെ തിരുമല-തൃക്കണ്ണാപുരം റോഡ് വികസനത്തിനായി ഭൂമി ഏറ്റെടുക്കുന്ന പ്രവർത്തനങ്ങളുടെ പുരോഗതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ ലഭ്യമാക്കുമോ ; | (എ) തിരുമല-തൃക്കണ്ണാപുരം റോഡിനു വേണ്ടിയുള്ള ലാന്റ് അക്വിസിഷനിൽ ഉൾപ്പെട്ട മുഴുവൻ സ്ഥലവും 5 റീച്ചുകളായി തിരിച്ച് അക്വിസിഷൻ നടപടികൾ തുടർന്നു വരുന്നു. ഇതിൽ ഓരോ റീച്ചിന്റേയും പൊന്നുംവില നടപടി സംബന്ധിച്ച പുരോഗതി ചുവടെ ചേർക്കുന്നു.<br>റീച്ച് 1 :- അവാർഡ് എൻക്വയറി പൂർത്തിയായിട്ടുള്ളതാണ്. അവാർഡ് പാസാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്ഥലമെടുപ്പ് ഓഫീസറുടെ ഓഫീസിൽ സ്വീകരിച്ചു വരുന്നു.<br>റീച്ച് 2 :- അവാർഡ് പാസ്സാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറിയിട്ടുള്ളതാണ്.<br>റീച്ച്3:- അവാർഡ് എൻക്വയറി പൂർത്തിയാക്കി അവാർഡ് പാസ്സാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു.<br>റീച്ച്4:- അവാർഡ് പാസ്സാക്കുന്നതിന് കളക്ടറേറ്റിൽ പരിശോധന നടത്തി വരുന്നു. അവാർഡ് ജനുവരി 31നകം പാസ്സാക്കി സ്ഥലം അർത്ഥനാധികാരിക്ക് കൈമാറുന്നതാണ്.<br>റീച്ച്5:- 10 (എ) എഗ്രിമെന്റ് പ്രകാരമുള്ള അവാർഡ് പാസ്സായിട്ടുണ്ട്. ശേഷിക്കുന്ന അവാർഡുകൾ എത്രയും വേഗം പാസ്സാക്കുന്നതിനും പാസ്സായവയിൽ സ്ഥലം ഏറ്റെടുക്കുന്നത് സംബന്ധിച്ചുള്ള നടപടികളും നടന്നു വരുന്നു. |

| | | | |
|---|---|---|---|
| (ബി) | പ്രസ്തുത റോഡിനുവേണ്ടയുള്ള ലാന്റ് അക്വിസിഷൻ നടപടി എന്നാണ് തുടങ്ങിയതെന്നും ആയത് എന്ന് പൂർത്തിയാക്കുവാൻ കഴിയുമെന്നും വ്യക്തമാക്കാമോ ? | (ബി) | പ്രസ്തുത റോഡിന് വേണ്ടിയുള്ള ലാന്റ് അക്വിസിഷൻ നടപടികൾ 30-11-2010-ന് ആരംഭിച്ചു. 2014 മാർച്ച് മാസത്തിനകം പൊന്നുംവില നടപടി പൂർത്തിയാക്കി മുഴുവൻ സ്ഥലവും പി.ഡബ്ല്യു.ഡിയ്ക്ക് കൈമാറുന്നതാണ്. |

സെക്ഷൻ ഓഫീസർ